

## അധ്യായം 20
# ഗ്രാൻഡ് ഫിനാലെ

നിങ്ങൾപഠിച്ചതെല്ലാംഒരുപ്രോജക്റ്റിലേക്ക് ഒരുമിച്ച് ചേർക്കാനുള്ള രസകരമായ ശ്രമമാണിത്. ഈ പ്രോജക്റ്റ് വ്യക്തിഗതമായോ നിങ്ങളുടെ സുഹൃത്തുക്കളുടെ സഹായത്തോടെ ഒരു ഗ്രൂപ്പായോ ചെയ്യാൻ കഴിയും.

നാടകം അവതരിപ്പിക്കേണ്ടെന്ന് നിങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, പാവകളിയിലേക്ക് മാറാനുള്ള ലളിതമായ വിദ്യയും ഈ പ്രവർത്തനം നിങ്ങൾക്ക് നൽകുന്നു. അത് നിങ്ങളുടെ ക്ലാസ്സിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുക

0680CH20

### 1. തിരക്കഥ

ഒരു വികാരത്തെ അടിസ്ഥാനമാക്കി രണ്ടോ മൂന്നോ കഥാപാത്രങ്ങൾ തമ്മിലുള്ള ലളിതമായ സംഭാഷണം എഴുതുക. സംഭാഷണത്തിൽ പ്രധാനമായും നിങ്ങൾ തിരഞ്ഞെടുത്ത വികാരമാണ് ഉള്ളതെന്ന് ഉറപ്പാക്കുക.ഉദാഹരണം: തിരഞ്ഞെടുത്ത വികാരം കോപമാണ്. പ്രധാന കഥാപാത്രം ക്ഷിപ്ര കോപിയായിരിക്കാം അല്ലെങ്കിൽ ഒരാളുടെ കോപം എങ്ങനെ ധാരാളം പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് രണ്ട് സുഹൃത്തുക്കൾ ചർച്ച ചെയ്യുന്നതാകാം




pick emotion -വികാരം തിരഞ്ഞെടുക്കുക
select characters-കഥാപാത്രങ്ങളെതിരഞ്ഞെടുക്കുക
write dialogues-സംഭാഷണങ്ങൾ എഴുതുക
create story-കഥ നിർമിക്കുക

### 2. ചമയവും വസ്ത്രാലങ്കാരവും

ആക്ട് 2ൽ ചെയ്തതുപോലെ നിങ്ങളുടെ സ്ക്രിപ്റ്റിലെ കഥാപാത്രങ്ങൾക്കായി മേക്കപ്പും കോസ്റ്റ്യൂമും രൂപകൽപ്പന ചെയ്യുക.









© NCERT not to be republished

## 3. സ്റ്റേജിന്റെ രൂപഘടന

സ്റ്റേജിൽ സെറ്റും വസ്തുക്കളും ആസൂത്രണം ചെയ്യാൻ കാർഡ്ബോർഡ് സ്റ്റേജ് മോഡൽ ഉപയോഗിക്കുക.
ക്ലാസിലെ നിങ്ങളുടെ അവസാന പ്രകടനം ആസൂത്രണം ചെയ്യാൻ ഇത് ഉപയോഗിക്കുക, അവിടെ നിങ്ങൾ സ്റ്റേജ് സജ്ജീകരിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളുമായി തിരക്കഥ അവതരിപ്പിക്കുകയും ചെയ്യുന്നു.



## 4. പാവകളിയിലേക്ക് മാറുക

നിങ്ങളുടെ വസ്ത്രത്തിന്റെ ഘടനയനുസരിച്ച് ചിത്രത്തിന്റെ രൂപരേഖ മുറിച്ച് ഒരു അറ്റത്ത് ഒരു വടി ഒട്ടിക്കുക. നിങ്ങളുടെ എല്ലാ കഥാപാത്രങ്ങൾക്കും വേണ്ടി ഇത് ചെയ്യുക. വടി കൊണ്ടുള്ള പാവകൾ തയ്യാറാണ്!
ഇപ്പോൾ, നിങ്ങളുടെ പാവകളിക്കായി അതേ സ്റ്റേജ് മോഡൽ നിങ്ങൾക്ക് ഉപയോഗിക്കാം!



**ചർച്ചയുംപ്രതികരണവും:** നിങ്ങളുടെ ക്ലാസിന് മുന്നിൽ അവതരിപ്പിക്കുകയോ പ്രകടനം നടത്തുകയോ ചെയ്ത ശേഷം, നിങ്ങളുടെ കൂടെ പ്രവർത്തിച്ചവരുടെ ഓരോ വശവും വിശദമായി ചർച്ച ചെയ്യുക. ഇത് ഓരോ കലാകാരനേയും സംബന്ധിച്ച് വളരെ പ്രധാനമാണ്.

1. തിരക്കഥ - അവർക്ക് കഥ മനസ്സിലായോ? സംഘർഷവും പരിഹാരവും വ്യക്തമായിരുന്നോ?
2. വസ്ത്രാലങ്കാരവും ചമയവും - അത് വൃത്തിയുള്ളതായിരുന്നോ? ഇത് കഥാപാത്രത്തെ മികച്ചതായി കാണിക്കുന്നുണ്ടോ അതോ പ്രകടനത്തെ തടസ്സപ്പെടുത്തുന്നുണ്ടോ?
3. സ്റ്റേജ് - രൂപകൽപ്പനയും ഉപകരണങ്ങളും നന്നായി ഉപയോഗിച്ചിരുന്നോ?
4. മൊത്തത്തിൽ പരിപാടിയെ മികച്ചതാക്കാൻ കഴിയുമായിരുന്നതെന്തിനാണ്?

ഒരേ സമീപനത്തോടെ നല്ലതും മോശവുമായ പ്രതികരണങ്ങളെ എടുക്കുക. അടുത്ത തവണ മികച്ച പ്രകടനം നടത്താൻ മാത്രമാണ് ഇത് നിങ്ങളെ സഹായിക്കുന്നത് , കാരണം നിങ്ങൾ അതേ തെറ്റുകൾ ആവർത്തിക്കില്ല.



ഒരു നാടക പ്രകടനം എങ്ങനെ രൂപപ്പെടുന്നു എന്ന പ്രക്രിയയുടെ അടിസ്ഥാന ഘട്ടങ്ങൾ നിങ്ങൾ പഠിച്ചു. പക്ഷേ, ഇതിലും കൂടുതലുണ്ട്! അടുത്തതായി, നിങ്ങളുടെ തിരക്കഥയും പ്രകടനങ്ങളും പ്രൊഫഷണലായി തോന്നിപ്പിക്കുന്നതിന് എങ്ങനെ കൂടുതൽ മെച്ചപ്പെടുത്താം എന്നതിന്റെ വിശദമായ ഘട്ടങ്ങൾ നിങ്ങൾ പരിശോധിക്കും. ഇത് തീർച്ചയായും എങ്ങനെയായിരുന്നു എന്നതിനേക്കാൾ ആവേശകരവും ആകർഷകവുമായിരിക്കും.

നിങ്ങൾ ഒഴിവുള്ളപ്പോഴെല്ലാം സുഹൃത്തുക്കളുമായോ പാവകളുമായോ കൂടുതൽ തിരക്കഥകളും ചെറിയ ഷോകളും എഴുതാനും സൃഷ്ടിക്കാനും മടിക്കേണ്ടതില്ല. നിങ്ങൾ വായിച്ച ഒരു കഥ, നിങ്ങൾ കണ്ട ഒരു സിനിമ അല്ലെങ്കിൽ സ്വയം പുതിയ എന്തെങ്കിലും സങ്കൽപ്പിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാം.
ഈ വിഭാഗത്തിന്റെ തുടക്കത്തിൽ നാട്യശാസ്ത്രത്തിൽ നിന്നുള്ള ശ്ലോകം പറയുന്നതുപോലെ, നാടകം അവതരണ കലകളെക്കുറിച്ച് പഠിക്കാൻ സഹായിക്കുക മാത്രമല്ല, ഭാവിയിൽ നിങ്ങൾക്ക് ആവശ്യമായ നിർണായക ജീവിത നൈപുണ്യങ്ങൾ വളർത്തിയെടുക്കുകയും ചെയ്യും. അതിനാൽ, സ്വയം പര്യവേക്ഷണം ചെയ്യാൻ ഈ അത്ഭുതകരമായ കല ഉപയോഗിക്കുക. ഇവിടെ തെറ്റായ ഉത്തരമില്ലാത്തതിനാൽ എല്ലാ പുതിയ ആശയങ്ങളും ആത്മവിശ്വാസത്തോടെ പരീക്ഷിക്കുക! നിങ്ങൾ പുതിയ കഥകൾ സൃഷ്ടിക്കുകയും അവ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ, ഓർമ്മിക്കുക - ആസ്വദിക്കുക!

**നമ്മൾ വീണ്ടും കണ്ടുമുട്ടുന്നതുവരെ സന്തോഷത്തോടെ ഇരിക്കൂ !**